# KITES KIDS MAGAZINE

# KHSS

## KHSS MOOTHANTHARA

KARNAKAYAMMAN HIGHER SECONDARY




**SPECIAL EDITION JANUARY 2019**



നമസ്കാരം,

സാധാരണക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളിൽ നവ സാങ്കേതിക പരിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറന്നിട്ടിരിക്കുകയാണ് കൈറ്റ്സ്. ഈ സംരംഭം കൈറ്റ്സിന്റെ ഭാഗത്തു നിന്നുണ്ടായത് വളരെ പ്രസംസനീയമാണ്. ഇനിയും നിർലോഭമായ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുവാൻ അവസരമുണ്ടാവട്ടെ എന്ന് ആശംസിച്ചു കൊള്ളുന്നു.

എം.കെ.കൃഷ്ണവേണി

പ്രധാനാധ്യാപിക.



*വിവര സാങ്കേതിക വിദ്യയുടെ ഈകാലത്തുലിറ്റൽ കൈറ്റ്സ് കുട്ടികളുടെ ഈ സംരംഭം*

*പറന്നു ഉയരങ്ങളിലെത്തട്ടെ !*

*എല്ലാവിധ ആശംസകളോടെ*

രാജേഷ്.വി.കെ

പ്രിൻസിപ്പാൾ



**ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിന്റെ പുതിയ ആശയവും കാഴ്ചപ്പാടും ആധുനിക സംവിധാനമായ ഡിജിറ്റലൈസേഷനുമായി സമന്വപ്പിച്ച് തുടങ്ങുന്ന കൈറ്റ്സ് കിഡ്സ് മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു**

**കെ. കൈലാസമണി**


**മാനേജർ**



കർണ്ണകയണ്ണൻ ഹയർ സെക്കന്ററി വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് പ്രതിഭകളുടെ സംരംഭമായ കൈറ്റ്സ് കിഡ്സ് മാഗസിൻ മാതൃകാപരമാണ്.നിരവധി സൃഷ്ടികളുടെ ശേഖരണത്തെ മലയാളം കമ്പ്യൂട്ടിംഗിലൂടെ ഡിജിറ്റൽമാഗസിനാക്കിയ ഉദ്യമത്തിന്റെ പിന്നിലെ അശ്രാന്ത പരിശ്രമം ശ്ലാഘനീയം തന്നെ .

അഭിനന്ദങ്ങൾ

ലത ടീച്ചർ



# സന്ദേശം

*നമസ്തേ,*

*വിദ്യാഭ്യാസകലാകായികമേഖലയിൽഉന്നതവിജയംകൈവരിച്ച,KHSS ന് അഭിമാനം നേടിതന്ന എന്റെ പ്രിയ കുട്ടികൾക്ക്, It മേഖലയിലെ പൊതുവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അഭിരുചി പരീക്ഷയിൽ വിജയം കൈവരിച്ച 'ലിറ്റിൽ കൈറ്റ്സ്' അംഗത്വം ലഭിച്ച് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നവിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും ഇവരെ ഈ നിലയിലേക്ക് ഉയർത്താൻ കഠിനാധ്വാനം ചെയ്ത കൈറ്റ്മിസ്ട്രസ്സ്മാർക്കും പ്രധാനധ്യാപികക്കും രക്ഷിതാകളുടെ പ്രതിനിധി എന്ന പേരിലും എന്റെ സ്വന്തം പേരിലും എല്ലാ ഭാവുകളും നേരുന്ന*

Haridas.R
PTA President

# ലിറ്റിൽ കൈറ്റ്സ് കമ്മിറ്റി അംഗങ്ങൾ











# താളുകൾ മറിക്കുമ്പോൾ ...

**മാന്ത്രികവീണ**

*വിചാരിക്കാതെ  ലഭിക്കുന്നവയാണ്*
*നമുക്കെന്നും പ്രിയം*
*വിചാരിക്കാതെ ലഭിച്ച ഒന്നാണ്*
*എന്റെയീ ജന്മം*
*പ്രിയമാണെങ്കിലും എന്റെ ജീവിതം*
*മനോഹരമാക്കാൻ ഒരവസരം !*
*അതായിരിക്കാൻ ഈ വിദ്യാലയത്തിൽ*
*നിന്നെനിക്ക് ലഭിച്ച ഒരു മാന്ത്രിക "**വീണ**"*


കൃഷ്ണേന്ദു
8B

# പുതുവർഷം

*പുലരി വിരിഞ്ഞു*
*പുതിയ പൂവുകൾ മിഴി തുറന്നു*
*പുതു പറവകൾ. പുതുചിറകുകൾ*
*പുതിയ നീലിമ തേടിയുയർന്നു*
*ഹൃദയ ഗീതിക്കൾ മൂളുന്ന കാറ്റും*
*മൃദുല ചുംബനം നൽകും നിലാവും*
*നിറയെ ദീപം കൊളുത്തുന്ന രാവും*
*വളകിലുക്കിയോടുന്ന കൈത്തോടും*
*ഇവിടെ ഭൂമിതൽ ഗാനങ്ങളായ വീണ്ടു-*
*മിവിടെ ഭൂമിതൻ രാഗങ്ങളായി*
*പുലരി വിരിഞ്ഞു*
*പുതിയോരാണ്ടിൻെറ പൂക്കൾ വിരിഞ്ഞു*

ഉത്തര 8B

# മികവുകൾ










# അച്ഛൻ

*കൂരയിൽ ചോരാത്ത മൂലയ്ക്ക്*
*മുഷിഞ്ഞ മുണ്ടിൽ തലപ്പിലുണ്ടൊരുപിടി*
*അരമണി കുട്ടനു നൽകുവാൻ*
*കഥ പറഞ്ഞൂട്ടുവാൻ*
*ശ്വാസം വലിക്കാനാകില്ലയെങ്കിലും*
*തോളത്തിരുത്തി കറക്കുന്നു കുട്ടനെ*
*കുട്ടൻ തൻ കാലടി ഒന്നു പിഴക്കുമ്പോൾ*
*കാളുന്ന വയറുമായ് കെട്ടിപ്പിടിക്കുന്നു*
*നല്ലതും ചീത്തയും പകുന്നു കൊടുകുന്നു*
*തന്നിലെ സർവതും മകനിൽ ചൊരിയുന്നു*
*താൻ തന്നെയാണിവനെന്നതറിയുന്നു*

**അഞ്ജന. പി. എം**

*10 A*

# മലയാള നാടേ ജയിച്ചാലും

*മലയാള നാടേ നിൻ മാറിലോരോ*
*മലർമാല ചാർത്തുന്ന മഞ്ജിമകൾ*
*വിജയിക്ക ഞങ്ങൾ പിറന്ന നാടേ!*
*വിമല ശ്രീ നിത്യം പുലർന്നവീടേ!*
*കരൾകക്കും നിൻ കളിതോപ്പിലെത്ര*
*കവികോകിലങ്ങൾ പറന്നുപാടി*
*അവിരോളാന്മാദം തരുന്ന ഞങ്ങൾകവർ*
*പെയ്തകാകളിത്തേന്മഴകൾ*
*പരശ്ശതം വർഷങ്ങൾക്കപ്പുറത്താ-*
*പരിചേലും തുഞ്ചൻപറമ്പലെങ്ങോ*
*ഒരു തൈമരത്തിൻ തളിർത്ത കൊമ്പ*
*ത്തൊരു പച്ചതത്തമ്മ കൂട്ടു കൂട്ടി*
*അഖിലവേദാന്ത പുരാണതത്ത്വ-*
*മവളാത്തമോദ മെട്ടുത്തു പാടി*
*അഴകുറ്റഗാനമേ നിന്റെ മുമ്പിൽ*
*തൊഴുകൈപ്പൂ മൊട്ടുമായ് നിൽപ്പൂ ഞങ്ങൾ*
*ഫലിതതിൻ തൈലം പകർന്ന കുഞ്ചൻ*
*നിലവിളക്കൊന്നു കൊളുത്തിവച്ചു*

*അതിനുള്ളിലായിരം പൊൻ തിരിക-*
*അറിവിൻ വെളിച്ചം ചൊരിഞ്ഞെരിഞ്ഞു*
*മണ്ണുകിൽ വർണ്ണനെ വാഴ്ത്തി വാഴ്ത്തി*

*മതിമാൻ ചെറുശ്ശേരി പാട്ടു പാടി*
*അഭിനമാശാന്റെ തത്ത്വചിന്ത*
*മധുരമാം പ്രവന പ്രേമഗാനം മറ*
*വിക്കും മായിക്കുവാനിടയാതെ*
*മഹിതാഭ വീശിപരിസലിപ്പൂ*
*മധുരമായ് വള്ളത്തോൾ ഞങ്ങൾ കേൾക്കാൻ*

*മണിവീണ മന്ദമെടുത്തുമീട്ടി*
*വിജയശ്രീ ലാളിതനായൊരുള്ളൂർ*
*വിപുല പാണ്ഡിത്യം തുറന്നു കാട്ടി*
*പ്രണയിപ്പൂ ഹാ ഞങ്ങൾ ഭക്തിപൂർവ്വം*
*പ്രതിഭാ പ്രഭാതമേ നിന്റെ മുമ്പിൽ*

***ആശ്രയ***
***9A***

## മലയാളിക്കെന്തു വിലയിടും.......?

*മഹത്തായ ഒരു സംസ്കാരത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് കൈരളിയുടെ ജനത വളർന്നുവന്നത്.നിരവധി മഹാരഥൻമാരുടെ നേതൃത്വത്തിൽ നടന്നു നീങ്ങിയ മലയാളികൾ എന്നും ചുറ്റുമുള്ളവർക്ക് വഴികാട്ടികളായിരുന്നു. ജാതീയമായ ഉച്ചനീചത്വത്തിനെതിരെ പടപൊരുതികൊണ്ട് ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ കേരളത്തിൽ തുടക്കം കുറിച്ച നവോത്ഥാനം,ജനതയുടെ മഹത്വത്തെ വിളിച്ചോതുന്നതായിരുന്നു.വിദ്യകൊണ്ടു പ്രബുദ്ധരായി സമ്പൂർണ്ണസാക്ഷരത നേടിയ ആദ്യജനത എന്ന ഖ്യാതി മലയാളികളുടെ മഹിമ വാനോളം ഉയർത്തുന്നു.ഇത്തരത്തിൽ സമസ്ത*

മേഖലകളിലും സമ്പൂർണ്ണത കൈവരിച്ച മലയാളിക്ക് എവിടെയാണ് പിഴച്ചു തുടങ്ങിയത്?

മാറ്റം കാലാനുസൃതമാണ്.എന്നാൽ മലയാളികളുടെ ഇന്നത്തെ മാറ്റങ്ങൾ പ്രബുദ്ധകേരളത്തിന് ചീത്തപ്പേരുണ്ടാക്കുന്നതാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു .സാമൂഹ്യബാധ്യതകളിൽ നിന്ന് ഒളിച്ചോടാനോ, സ്വാർത്ഥതയുടെയും സുഖലോലുപതയുടെയും കൂടാരങ്ങളിൽ ചേക്കേറാനോ ആണ് നമ്മുടെ സമൂഹത്തിന് താത്പര്യം.മലയാളി മാറിക്കൊണ്ടിരിക്കുകയാണ്.ഉപഭോഗസംസ്കാരവും,ആധുനികവൽക്കരണവും അവന്റെ മനസ്സിനെ ഉൻമാദാവസ്ഥയിലെത്തിച്ചിരിക്കുന്നു.

വിളക്കാകേണ്ട വിദ്യാസമ്പന്നർ വിപത്താകുന്ന കാഴ്ചകൾ ഇന്ന് വിരളമല്ല.വിദ്യാഭ്യാസമേഖലയിൽ വൻകുതിച്ച് ചാട്ടവും ബിരുദവും ബിരുദാനന്തരമ്ബിരുദവും നേടിയവരുടെ എണ്ണത്തിൽ വൻ കുതിച്ച കയറ്റവും സംഭവിച്ചപ്പോഴും വിദ്യകൊണ്ടുനേടേണ്ട

തിരിച്ചറിവുകൾ ആർജ്ജിക്കുന്നതിൽ നാം ഏറേ പിന്നിലായിരിക്കുന്നു. തനിക്ക് നല്ല വരുമാനമുണ്ടാകുന്ന ഒരു ജോലി നേടുക മാത്രമാണ് വിദ്യാഭ്യസത്തിന്റെ ലക്ഷ്യമെന്ന് ചിലരെങ്കിലും കരുതുന്നു. തന്റെ അറിവ് സമൂഹത്തന് ഉപകാരപ്പെടണമെന്നും, സഹജീവികളുടെ സ്ഥിതികൂടി പരിഗണിക്കപ്പെടണെമന്നും ചിന്തിക്കുന്നവർ കുറഞ്ഞുവരുന്നു

നമ്മുടെ മാതൃഭാഷയ്ക്ക് സംസ്കാരവുമായുള്ള പൊക്കിൾക്കൊടി ബന്ധം വളരെ ദൃഢമാണ്. മാതവും മാതൃഭാഷയും മനുഷ്യസ്വഭാവത്തിന്റെ രൂപകല്പനയിൽ അതിപ്രധാനമായ പങ്കുവഹിക്കുന്നു. അതിനുപകരം മറ്റൊന്നില്ല. ആ മഹത്തായ പാരമ്പര്യത്തിന്റെ മഹിമ നമ്മുടെ പ്രശസ്തി ഉയർത്തുമ്പോൾ മാതൃഭാഷയുടെ പങ്ക് സ്തുത്യർഹമാണ്. എന്നാൽ പുതിയ കാലത്തിന്റെ സന്തതികൾ അമ്മയെ നിഷേധിക്കുന്നതുപോലെ അമ്മയുടെ ഭാഷയെ

തമസ്കരിക്കാനും തുടങ്ങിയിരിക്കുന്നു. വൃദ്ധസദനങ്ങളിൽ തഴയപ്പെടുന്ന മാതാവിനെ പോലെ നമ്മുടെ വിദ്യാലയങ്ങളിൽ മാതൃഭാഷയും പ്രാധാന്യം കൽപ്പിക്കാതെ ഒഴിവാക്കപ്പെടുന്നു. മാതൃഭാഷയെ കൈവെടിയുന്നതുകൊണ്ട് നമുക്ക് നഷ്ടമാവുന്നത് സ്വന്തം ഭാഷമാത്രമല്ല, നമ്മുടെ സംസ്കാരത്തെയും അത് ശിഥിലമാക്കുന്നു.

എന്റെ ജീവിതം, എന്റെ ആഹാരം, എന്റെ ജോലി അങ്ങനെ എല്ലാറ്റിനും 'എന്റെ' കൂട്ടിച്ചേർക്കപ്പെടുന്നു. എന്നാൽ സ്വന്തബന്ധങ്ങളിലും കടപ്പാടുകളിലും 'എന്റെ' എന്നത് വെറും പാഴ്വാക്കാകുന്നു. സ്വന്തം വീടും ശരീരവും, വസ്തുവും വൃത്തിയായി സൂക്ഷിക്കുന്ന നമ്മുടെ ശുചിത്വബോധം പൊതുനിരത്തുകളുടെ കാര്യം വരുമ്പോൾ ഇല്ലാതെ പോകുന്നു. സസ്യ-മാംസാവശിഷ്ടങ്ങൾ വലിച്ചെറിയാനും, മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഇടമായി പൊതുനിരത്തുകളെ മലയാളികൾ കാണുന്നു.

ജനനിബിഡമായ ബസ്സ് സ്റ്റോപ്പുകളും
റെയിൽവേസ്റ്റേഷനുകളും ദുർഗന്ധപൂരിതമാണി-
വിടെ.മനുഷ്യരുടെ ആരോഗ്യത്തിനും
കുടിവെള്ളത്തിനും ഭീഷണിയാവുന്ന ഇത്തരം
മലിനീകരണം സൃഷ്ടിക്കുന്നവരിൽ സാക്ഷര
കേരളം മുൻപന്തിയിലാണെന്ന് വിരോധാഭാസം
തന്നെ.പണ്ടൊക്കെ കള്ള് ഷാപ്പിൽ കയറുമ്പോൾ
തലയിൽ മുണ്ടിട്ടിരുന്ന മലയാളി ഇന്ന് ബീവറേജ്
കോർപ്പറേഷനു മുന്നിൽ ക്യൂനിൽക്കാൻ
മത്സരിക്കുന്നു.ഇന്ന് അതവന്റെ സ്റ്റാറ്റസിന്റെ
സിംബലാണ്.മലയാളി മറുനാടൻ ആകുന്നത്
കണ്ടുകൊണ്ടാണ് ഓരോ ദിനവും കടന്ന് പോകു-
ന്നത് അവന് ഉൽപന്നങ്ങളോട് മാത്രമാണ് പ്രിയം
ആ ഉല്പന്നങ്ങൾക്ക് പരസ്യപിന്തുണകൂടി
ഉണ്ടെങ്കിൽ ഗുണത്തിനെ വെല്ലുന്ന ലാഭം മലയാളി
മാർക്കറ്റിൽ കൊയ്തെടുക്കും.ദൃശ്യമാധ്യമങ്ങളുടെ
അതിപ്രസരം അത്രമാത്രം കേരളമനസ്സിനെ
കീഴ്പെടുത്തിയിരിക്കുന്നു.മരണം പോലും ഇന്ന്
ഒരു ഫിസിയോളജിക്കൽ ഫിനോമിനൽ

മാത്രമാണ്.ശേഷമുള്ള രാമായണ പാരായണം
വരെ ടേപ്പ് റിക്കാർഡുകൾ ഏറ്റെടുത്തു കഴിഞ്ഞു.
ഇത്തരത്തിൽ പ്രബുദ്ധ മലയാളിയുടെ
വിശേഷങ്ങൾ പറഞ്ഞാൽ തീരില്ല.

ചുരുക്കിപറഞ്ഞാൽ എന്താണ്

മലയാളികളുടെ പ്രശ്നം? ആശ്രയമില്ലാത്തവരുടെ-
യും അവഗണിക്കപ്പെടുന്നവന്റെയും വേദന
മനസ്സിലാക്കാൻ പ്രായഭേദമേന്യേ
മലയാളിക്കാവുന്നില്ല- അവൻ ഹൃദയം
തുറക്കാത്തവ
നായിരിക്കുന്നു.പഴമയുടെ നല്ല അംശങ്ങളെ
മുഴുവൻ നിഷേധിക്കുന്നവനായിരിക്കുന്നു.
പുരാണത്തിൽ ഒരു കഥയുണ്ട്.ശ്രീകൃഷ്ണൻ
കുട്ടിക്കാ-
ലത്ത് മണ്ണ് തിന്നപ്പോൾ അമ്മയായ യശോദ
ഓടിയെത്തി.കണ്ണനോട് വായതുറന്നു കാണിക്കാ
ൻ ആവശ്യപ്പെട്ടു.അപ്പോൾ അവിടെഈരേഴുപതി-
നാലുലോകങ്ങളും കണ്ടുവത്രേ...ഈരേഴുലോകവും

ഉപഭോഗസംസ്കാരത്തിലൂടെ കയ്യടക്കാനാണ് മലയാളിയുടെ ശ്രമം. അവന്റെ ഇച്ഛാശക്തിയെയും, ആഗ്രഹങ്ങളെയും അത് അത്രമാത്രം സ്വാധീനിച്ചു കഴിഞ്ഞു. അവൻ വാതുറന്നാലും അവിടെ ഒരു പക്ഷേ ഇരേഴ് ലോകങ്ങളും കാണാൻ സാധിക്കാമായിരിക്കും.... അപ്പോൾ മലയാളിക്കെന്തു വിലയിടാം?

ആരോഗ്യമേഖലയിലെ വൻകുതിപ്പ് കേരളീയരുടെ ആയുർദൈർഘ്യം കൂട്ടുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതുകൊണ്ടാവാം ഒരുപക്ഷേ വൃദ്ധജനങ്ങളുടെയും വൃദ്ധസദനങ്ങളുടെയും എണ്ണം ഇവിടെ കൂടിവരുന്നു. അണുകുടുംബവും പുതിയ ചിന്താഗതികളുംപ്രായമേറിയവരെഅസ്വസ്ഥരാക്കുന്നു

. ജീവിതസായാഹ്നങ്ങളിൽഅവർക്കുലഭിക്കേണ്ട സ്നേഹവുംസംരക്ഷണവുംഅന്യമായികൊണ്ടിരിക്കുന്നു. മക്കളെവിദ്യാസമ്പന്നരാക്കുന്ന- തിനായി ജീവിതംഹോമിച്ചമാതാപിതാക്കൾഅവശരാകു

മ്പോൾ ഒറ്റപെടുകയോ അവഗണിക്കപെടുകയോ ചെയ്യുന്നസ്ഥിതിഒരുസാമൂഹികവിപത്തായികണ്ടേ തീരൂ.നാളെയുടെ നന്മയ്ക്കായിപിന്നിട്ട വഴികൾ വിസ്മരിക്കാത്ത ഒരു വിദ്യാഭ്യാസരീതി കേരളത്തിൽ വരേണ്ടിയിരിക്കുന്നു.

മലയാളിയുടെ വർത്തമാനങ്ങൾ കുറഞ്ഞു. കളി,ചിരി ഇവയുടെ സ്ഥാനത്ത് Whatsapp ഉം Facebook ഉം ഇടം പിടിച്ചു.ഉറ്റവരെയും പ്രിയപ്പെട്ടവരെയും പാടെമറന്നുകൊണ്ട് ഒരു പെട്ടിയെ മുറുകെ പിടിച്ച് തല താഴ്ത്തിയിരിക്കുന്ന പുതുതല മുറയാണിപ്പോൾ.കൂട്ടായ്മയിൽ സന്തോഷി ച്ചിരുന്ന ജീവിതമായിരുന്നു നമ്മുടെത്.പരസ്പരം സഹകരിച്ച ജീവിക്കുന്ന വീട്ടമ്മമാർ ,പലപ്പോഴും അദ്ധ്വാനം സൗജന്യമായി നൽകുന്ന നല്ല സുഹൃത്തുക്കൾ ,മണ്ണെണ്ണ വിളക്കിന്റെ പുക ശ്വസിച്ച് അതിന്റെ വെളിച്ചത്തിൽ പാഠപുസ്തകം ഉരുവിട്ടശേഷം മഴയുടെ ഇരമ്പലിൽ പായയിലിടം തേടുന്ന ബാല്യകാലം ,പിറ്റേന്ന് തോട്ടിലെ

പൊങ്ങിക്കലങ്ങിയ വെള്ളത്തിൽ ഈരിഴ
തോർത്തുകൊണ്ട്പരൽ മീനിനെ പിടിച്ചും
കാൽപന്ത് തട്ടിയും തുമ്പിയെ പിടിച്ചും
നിലാവത്തിരുന്ന നക്ഷത്രങ്ങളെനോക്കി
രസിച്ചിരുന്നതുമായിരുന്ന വലിയ
സ്വപ്നം എൻട്രൻസ് എന്ന ഭീകര വസ്തുവോ
തുടർന്ന്

ഡോക്ടറോ,എൻജിനിയറോ ആയി ആകാശ
ഗമനം നടത്തുന്നതും റിയാലിറ്റിഷോകളിൽ
പെർഫോം ചെയ്യുന്നതും അന്നത്തെ കുഞ്ഞുങ്ങളുടെ
ഉറക്കം കെടുത്തിയിരുന്നില്ല.അതുകൊണ്ടുതന്നെ
ജീവിതം സംതൃപ്തമായിരുന്നു.

എം.കൃഷ്ണവേണി
പ്രധാനധ്യാപിക

# മഴത്തുള്ളി



താഴേയ്ക്കു കുതിക്കുമ്പോഴും

അമ്മത്തുള്ളിയെ ഞാൻ നോക്കിനിന്നു

അതാ എൻെറ കൂടപ്പിറപ്പും

പതിച്ചുകഴിഞ്ഞു

കുറച്ചിദൂരം പിന്നിട്ടപ്പോൾ

പുഴയുടെ കരച്ചിൽ......

മൊട്ടക്കുന്നിൻെറ നിലവിളി......

കുഞ്ഞുവേഴാമ്പലിൻെറ വരണ്ട തൊണ്ട.......

എൻെറ ദു:ഖം ഞാൻ മറന്നുപോയി

ഞാനിതാ വീണുകഴിഞ്ഞു

# _ഓർമ്മപ്പൊതി

*തട്ടുമ്പുറത്ത് എന്റെ*
*കുറേ കുട്ടിക്കാല ഓർമ്മകൾ*
*കെട്ടിപ്പൊതിഞ്ഞുവച്ചിട്ടുണ്ട്*
*ഇടയ്ക്കിടെപോയി*
*കെട്ടഴിച്ച്*
*ഓർമ്മകൾ പുതിക്കിയെടുക്കും*
*ഇന്നലെ*
*മധുരവും പുളിയും*
*എരിവുമെല്ലാമുള്ള ആ  ചാക്ക്*
*അചഛൻ ആർക്കോ വിറ്റു*
*സാരമില്ല,*
*അവയൊക്കെ*
*ഒരു മെമ്മറി കാർഡിലാക്കി*
*മനസ്സിൻെറ ഷെൽഫിൽ*
*സൂക്ഷിച്ചു വെച്ചിട്ടുണ്ട്*

നന്ദിത.ആർ
8.B

# സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽനിന്ന് ...










# എന്റെ നാട്



പുഞ്ചനെൽപ്പാടങ്ങൾ പുഞ്ചിരിതൂകുന്ന
സുന്ദരഭ്രൂമിയാണെന്റെ നാട്
മഞ്ഞു പുതച്ച മലനിരകൾ താഴെ
ചന്ദനം പൂക്കുന്ന താഴ്വരകൾ

ഇടതൂർന്നമാമരക്കാടുകളും കൂടെ-
യിടറിപ്പതഞ്ഞുപോം ചോലകളും
പഞ്ചമം പാടുന്ന പൈങ്കിളിയും
മരത്തുഞ്ചത്തിലാടുന്ന വാനരവും
മഞ്ഞുപോൽപ്പായുന്ന മേഘങ്ങളും

മഴത്തുള്ളിപോലൂറും നറും നിലാനും
പൊന്നുതോറ്റീടുമിളം വെയിലും പിന്നെ
മന്ദസ്മിതം തൂകും മന്ദാരവും
അഴകാർന്നൊരമ്പലക്കാവുകളും അവ-
യ്ക്കിടയിലിഴയുന്ന പാമ്പുകളും
വരിയായി നിൽക്കുന്ന തെങ്ങുകളും കുന്നിൻ
ചെരിവിലായൊഴുകുന്ന തോടുകളും
കന്നുമേഞ്ഞീടുന്ന മേടുകളും ഇണ-
പ്പൂളങ്ങളുകൾ പാടുന്ന വാടികളും
വഴിവക്കിൽ കുറ്റനാമാൽത്തറയും ഇരു-
ന്നിളവേൽക്കും പാന്ഥരാം പാവങ്ങളും
അലറിക്കുതിക്കുന്ന സാഗരവും നല്ല
തെളിനീരിൻ താമരപ്പൊയ്കകളും
രവിവർമചിത്രത്തിൻ ഭംഗിപോലെ ലോക-
മരുമയായ് കാണുന്നൊരെന്റെ നാട്

ശ്രുതി പ്രകാശ്
8 d



## കണ്ണാടിപ്പുഴ

*കണ്ണാടിപ്പുഴ കണ്ണിൽ കരളിൽ*
*കവിത വിടർത്തിയ നിഴൽവഴിയിൽ*
*ഓർമ്മകൾ നറുഗന്ധമുണർത്തും*
*നിർമ്മല രാഗപരാഗങ്ങൾ*
*കർക്കിടത്തിൻ നിറകുടംമുടയും*
*പുഴയുടെ ഹൃദയച്ചെണ്ടുടിയിൽ*

കൊട്ടിപാടിയ കുട്ടികൾ മഴയുടെ
നർത്തന ലാസ്യഴിലാസങ്ങൾ
പ്രകൃതിശ്വരിതൻ ഹൃത്തന്ത്രിയിൽ
നിന്നറിയാതൊഴുകിയകുളിരായെൻ

ചിന്തയിലെന്നും ഭാവന പകരും
പുഴയൊരു കിന്നര കന്യകയായ്
ഹരിതവരമ്പുകളരികുപിടിക്കും
വയലേലകളുടെ കാമിനിയായ്
ഒഴുകും കാറ്റിൻ ഓടക്കുഴലിൽ
നിന്നും തിരുന്നൊരു രാഗിണിയായ്

പാടും കിളിയുടെ ചുണ്ടിൽ മധുരം
തൊട്ടു വിളമ്പും രഞ്ജിനിയായ്
നിന്നു വിളങ്ങിയ നിന്നുടെ കുളിരിൽ
നീരാടുന്നെൻ മോഹങ്ങൾ
തൻ നിഴൽ നോക്കും താരങ്ങൾക്കൊരു
കണ്ണാടിച്ചില്ലാകുമ്പോൾ
നിൻ നിഴലിന്നെൻ ഉള്ളിലെ

*ദു:ഖപ്പുഴയോടൊപ്പം ചേരുന്ന*
*നീണ്ടുമെലിഞ്ഞു തളർന്നൊഴുകുമ്പൊഴും*
*മെങ്ങളെ വാഴ് ത്തും നിമ്നഗനീ*
*നിൻ സ്വരവീചികളുണർമ വിതയ്ക്കും*
*കലിക്കാലത്തിൻ തടവറയാം*
*തടയണയിൽ നിന്നാർത്തു ചിലയ്ക്കും*
*തവഹൃദമോഹപതംഗങ്ങൾ*
*കടൽ തേടുമ്പോൾ അറബിക്കടലിൽ*
*നിന്നൊരു ശംഖൊലിയുണരുന്നു*
*കടൽ പറയുന്നു നീയൊരുനാളെൻ*

*നിളയായെത്തും നാളുവരും....*
*കണ്ണാടിപ്പുഴ പുഴയായൊഴുകും നാൾവഴി*
*കാത്തൊരു ഗന്ധർവ്വൻ*
*വീണക്കമ്പി മുറുക്കിയിരിപ്പൂ*
*പാട്ടിൻ പുഴയിൽ നീരാടാൻ*

കെ.ജയചന്ദ്രകുമാർ

KHSS

# എല്ലുമുറിയെ പണിതാൽ



ദൂരെ തെറിച്ചു വീണ കളിപന്ത് തിരയാൻ പോയ കുട്ടികൾ ഒരുമുട്ടയുമായാണ് തിരിച്ചുവന്നത്. അതു കൈവശപ്പെടുത്താൻ കലപിലമായി.ബഹളത്തിനിടയിൽ മുട്ടതാഴെവീണു.

എന്ത് !അതു പൊട്ടിയില്ല!

വഴിയെവന്ന ഒരു യാത്രക്കാരൻ അതു കണ്ടു സാധനം വാങ്ങി അയാൾ തിരിച്ചും മറിച്ചും നോക്കി. എന്താണെന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല. കുട്ടികൾക്ക് പണം കൊടുത്ത്അയാൾ അത് വാങ്ങി. ഇതു രാജാവിനു സമർപ്പിച്ചാൽ സമ്മാനങ്ങൾകിട്ടിയേക്കും. യാത്രികൻ രാജാവിന്റെ മുന്നിലെത്തി. "പ്രഭോ!

വിശിഷ്ടമായ ഒരു വസ്തു അങ്ങേയ്ക്കുത തിരുമുമ്പിൽക്കാഴ്ച്ചവയ്ക്കാനാണു ഞാൻ വന്നത്.

ഇത് വിശേഷപ്പെട്ട ഒരു മുത്ത്. മലയോരത്ത് കളിക്കുന്ന കുട്ടിളോട് അടിയൻ ഇത് വിലകൊടുത്തുവാങ്ങിയതാണ്"രാജാവ് കൗതുകപൂർവം അതുപരിശോധിച്ചു.ഇത്ര വലിയ മുത്തോ? മത്തുനോട്ടക്കാരെ ഒന്നു കാണിച്ചു നോക്കാം.കല്പനപ്രകാരം ഹാജരായ ഓരോരുത്തരായിമുത്ത് സൂക്ഷ്മതയോടെ പരിശോധിച്ചു.അന്യവർ

ഒറ്റസ്വരത്തിൽപറിഞ്ഞു

“പിടികിട്ടുന്നില്ല”

രാജാവ് ബുദ്ധിമാനായമന്ത്രിയുടെ മുഖത്തേക്കു നോക്കിമന്ത്രി ആ വലിയ മുത്തും കൈയിലെടുത്ത് വേഗം വരാമെന്ന പറഞ്ഞ്

കൊട്ടരത്തിനുവെളയിലെക്കു പോയിതിരിച്ചെത്തി,ഇങ്ങനെ പറഞ്ഞു

"തിരുമനസ്സേ ഈ സാധനം എന്താണെന്ന മനസ്സിലായി. ഇതൊരു ധാന്യമാണ്. അടിയൻ ഇത് കോഴിക്ക് ഇട്ടുകൊടുത്തപ്പോൾ അത് കൊത്തിത്തിനാൻ നോക്കി.ഇതാ ഒരു ദ്വാരം വീണതുകാണുന്നില്ലേ."

എല്ലാവരും ശ്രദ്ധയോടെ നോക്കി. കോഴിമുട്ടയോളംപോന്ന ഒരു ധാന്യമണി.അതു പോലൊന്ന്

ജീവിതത്തിലാദ്യമായികാണുകയാണ്.അത് എവിടെ ഉണ്ടായെന്ന് കണ്ടുപിടികക്കണമെന്ന് രാജാവ്

ആജ്ഞാപിച്ചു.അപ്പോഴുംവിദഗ്ധന്മാർക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.പുഞ്ചിരിച്ചുകൊണ്ട് മന്ത്രിപറഞ്ഞു

“നമ്മുടെ രാജ്യത്തെ ഏറ്റവും പ്രായമുള്ള കൃഷിക്കാരനെ കണ്ടുപിടിച്ച് ചോദിക്കുന്നതാവും ഉചിതമെന്ന്തോന്നുന്നു.കല്പനപ്രകാരം ഭടന്മാർ നാടായനാടെല്ലാം തിരഞ്ഞു.

ഒരുപടുകിഴവന്നെഅവകൂട്ടികൊണ്ടുവന്നു.മുഴവൻ

മുടികൊഴിഞ്ഞുപോയതല, വിളറിവെളുത്ത് ചുക്കിചുളിഞ്ഞശരീരം കണ്ണുകളിൽ പീളകെട്ടിയിരിക്കുന്നു.പല്ലുകളെല്ലാംകൊഴിഞ്ഞുപോയിട്ടുണ്ട്. രണ്ട് ഊന്നുവടികളുമായി വേച്ചു വേച്ചാണ് നടത്തം രാജാവ് ധാന്യമണിവൃദ്ധന്റെ കൈയിൽകൊടുത്തു അയാൾ അത് തിരിച്ചും മറിച്ചുംനോക്കി. കണ്ണുതെളിയുന്നില്ല തൊട്ടുനോക്കി രൂപംമനസ്സിലാക്കി.രാജാവ് ചോദിച്ചു “ഈ ധാന്യം എവിടെയാണ്വിളഞ്ഞത് ? ഇത് നിങ്ങളുടെ വയലിൽവിളഞ്ഞതാണോ? ചെവിപതുക്കെയാ-ണെങ്കിലും ചോദിച്ചതെന്തെന്ന് വൃദ്ധൻ

ഊഹിച്ചെട്ടുത്തു. അയാൾ പറഞ്ഞു "അടിയന്റെ പാടത്ത് ഈ ധാന്യം നിതച്ചിട്ടില്ല. ഇത്തരം ധാന്യം വാങ്ങിയിട്ടുമില്ല. അന്നത്തെ ധാന്യമണികൾ ഇന്നത്തെ പോലെതന്നെ ചെറുതായിരുന്നു. അടിയന്റെ അച്ഛനോടു ചോദിച്ചാൽ ഒരുപക്ഷെ അറിയുമായിരിക്കും"രാജാവും പരിവാരങ്ങളും അത്ഭുതപ്പെട്ടു. ഇയാൾതന്നെമരിക്കാറായിരിക്കുന്നു എന്നിട്ടും ഇയാളുടെഅച്ഛൻ ജീവിച്ചിരിക്കുന്നു! വൃദ്ധന്റെ അച്ഛനെ കൂട്ടികൊണ്ടുവരാൻ രാജാവ് അജ്ഞാപിച്ചു. ഭടന്മാർ അയാളെ കൂട്ടികൊണ്ടു വന്ന് രാജസദസ്സിൽ ഹാജരക്കി.

തലനിറയെനരച്ചമുടി,ശരീരംഅത്രക്കൊന്നും ചുക്കിചുളിഞ്ഞിട്ടില്ല, കാഴ്ചയും കുറവല്ല,ഊന്നുവടി ഒന്നുമതി അയാൾ  സൂക്ഷിച്ചുനോക്കി. ചെകിടൊന്നുപതുക്കെയാണെക്കിലും കേൾവി  മകനേക്കാൾ മെച്ചമായിരുന്നു.

“ഇത് ഞങ്ങൾ വിതച്ചിട്ടില്ല ;വാങ്ങിയിട്ടുമില്ല. അന്നൊക്കെ ഓരോരുത്തർക്കും വേണ്ടത് അവരവർതന്നെ വിളയിക്കുമായിരുന്നു. അവശ്യമാണെങ്കിൽ പങ്കുവയ്ക്കും ഇന്നത്തേക്കാൾറേകുടി വലിയ ധാന്യമണിയായിരുന്നു. അന്ന് പൊടിച്ചാൽ കൂടുതൽപൊടിയുംകിട്ടും. എന്നാൽ എന്റെ അച്ഛന്റെ ചെറുപ്പത്തിൽ ധാന്യം കൂടുതൽ വലുതായിരുന്നെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അച്ഛനോടുചോദിക്കുന്നതാവും ഭംഗി.”ഈ കിഴവന്റെ അച്ഛനും ജീവിച്ചിരിപ്പുണ്ടെന്നോ! ഭടന്മാർ അയാളെയും കൊണ്ടുവന്നു. അത്ഭുതത്തോടെ എല്ലാവരും നോക്കി നീണ്ടുനിവർന്നദേഹം. വടിയുടെ ആവശ്യമില്ല നടക്കാൻ,തിളക്കമുള്ളകണ്ണുകൾ, മുടിയുടെകറുപ്പ് മുഴുവൻ മാഞ്ഞിട്ടില്ല രാജാവ് ധാന്യം മുതുമുത്തച്ഛനെ കാണിച്ചു  അയാളുടെ മുഖം വിടർന്നു. ചുണ്ടുകൾവിറച്ചു, കണ്ണുതൾ കൂടുതൽ തിളങ്ങി,പോയക്കാലത്തിന്റെ വിതയും പാട്ടുംകൊയ്ത്തുത്സവങ്ങളും ഒരു നിമിഷം അദ്ദേഹത്തിന്റെ ഓർമകളിൽ  പൂത്തൊലഞ്ഞു. ധാന്യത്തിന്റെ ഒരുതരി അദ്ദേഹം രുചിച്ചുനോക്കി കണ്ണുകൾനിറഞ്ഞുതുളുമ്പി

“ഹോ........എത്രകാലമായി ഞാനിത്കണ്ടിട്ട് . പ്രഭോ അടിയന്റെ
കുട്ടിക്കാലത്ത് ഇതായിരുന്നു വിത.
അന്ന് ഭക്ഷണമോസധനമോ കച്ചവടം ചെയ്യുന്നപതിവില്ല
കണ്ണെത്താദൂരം വയലുകൾ, ആർക്കും എവിടെയും കൃഷിച്ചെയ്യാം.”
എല്ലാം കേട്ട് രാജാവ് ചോദിച്ചു.
“ഇത്രയും വലിയധാന്യം ഇന്നെന്താവിളയാത്തത് ?
നിങ്ങളാണെങ്കിലോ മകനെക്കാളും മകന്റെമകനെക്കാളുംചെറുപ്പം!
എന്താണിതിന്റെയൊക്കെപൊരുൾ.”മുതുമുത്തച്ഛന്റെചുണ്ടുകളിൽ ഒരു
മന്ദഹാസം വിരിഞ്ഞു “പ്രഭോ അന്ന് അധ്വാനമായിരുന്നു ആനന്ദം
കിളച്ചുമരിച്ചമണ്ണിന്റെ ഗന്ധം  ഞങ്ങലുടെ ഓരോവിയർപ്പിലു നിറഞ്ഞു.
തളിർ നീട്ടുന്ന ഇലയും പൂവുംകായും ഞങ്ങളെ ജീവിപ്പിച്ചു. ഓരോരുത്തനും
മറ്റുള്ളവർക്കുവേണ്ടി അതായിരുന്നു ഞങ്ങളുടെ ജീവിത
തത്ത്വം.”കൊട്ടാരത്തിൽനിന്നും സമ്മാമങ്ങളും വാങ്ങി വൃദ്ധൻ
നടന്നകന്നു...

വിജയശ്രീ
9B

# മിന്നാമിനുങ്ങുകൾ




*ആരും ക്ഷണിക്കാതെ വന്നവരേ, വഴി*
*യോരങ്ങളിലെ വിളക്കുകളേ*
*ആ പ്രഭാ പൂരത്തിൻ ചാരെയണഞ്ഞപോ*
*ളാത്മാവിലെത്രയോ പൂവിടർന്നു*

*കൊച്ചു നിണകൾ പറഞ്ഞു കൺ ചിമ്മിയും*
*കൊച്ചു പരിഭവം പങ്കുവച്ചും*
*കൂരിരുളിൽപ്പോലുംകീട്ടരെ നിങ്ങൾ തൻ*
*നേരിയ പുഞ്ചിരി ഞാൻ നുകർന്നു*

*മാനം തൊടാനായ്പ്പറന്നു ഹാ! സങ്കൽപ്*
*സീമയളക്കാൻ കഴിയാതെയും*
*താവഴെയിറങ്ങി നിലത്തു പറ്റിപ്പിടി*
*ച്ചൂഴിയെച്ചുംബിച്ചുമുല്ലസിച്ചും*
*സ്വപ്ന കണങ്ങൾ പോലാരും ക്ഷണിക്കാതെ*
*യെത്തിടും നിങ്ങൾ വിരുന്നുകാരോ*
*കയ്യുകൊണ്ടൊന്നു കൊടാനണയുമ്പൊഴോ*
*കൈയെത്താ ദൂരേയ്ക്കകന്നുമാറും*
*കൈയുകൾ കെട്ടി വെറുതെ നിന്നാൽ സ്വയം*
*മെയ്യിലങ്ങിങ്ങുമരിച്ചു കേറിും*
*പോയിതോ മിന്നാമ്മിനുങ്ങുകളേ ദൂരെ*
*നേരിയോരന്തിത്തുടിപ്പുകളേ!*

*ഉത്ര.-9A*

# വള്ളത്തോൾനാരായണമേനോൻ



*വള്ളത്തോൾ നാരായണമേനോൻ തിരൂരിനടുത്തുള്ള മംഗലം അംശം വള്ളത്തോൾ കുടുംബത്തിൽ ജനനം . ആധുനിക കവിത്രയത്തിൽ പെടുന്നു. പത്രാധിപർ കലാപരിപോഷകൻ എന്നീ നിലകളിൽ പ്രശ്സ്തൻ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. സാഹിത്യമഞ്ജരി ,ബന്ധനസ്ഥനായ അനിരുദ്ധൻ മഗ്ദലനമറിയം ,കൊച്ചുസീത, ശിഷ്യനും മകനും ,ചിത്രയോഗം വാല്മീകിരാമായണം തുടങ്ങിയവയാണ് പ്രധാന കൃതികൾ.പദ്മഭൂഷൺ, കവിതിലകൻ, കവിസാർവഭൗമൻ തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചു.*

റിനീഷ.ആർ 8D

## വന്ദേ സംസ്കൃതമാതരം

*ആർഷ ഭാരത സംസ്കാരത്തിന്റെ ഉറവിടവും ക്ലാസിക്കൽ ഭാഷയുമാണ് അമരവാണിയായ സംസ്കൃതഭാഷ ആർഷ സംസ്കാരം പോലെ സംസ്കൃതവും ആർഷമാണ് ഋഷി പ്രേക്തമാണ് സമ്യക് കൃതം സംസ്കൃതം എന്നാണ് സംസ്കൃതപദത്തിന്റെ നിരുക്തി സമ്യക്കായി വേണ്ടപോലെ കൃത്യമായത് സംസ്കൃതഭാരതത്തിന്റെ സംസ്കാര വാഹിനിയായും ലോകത്തിലെ തന്നെ ശ്രേഷ്ഠഭാഷയായും ആദരിക്കപ്പെടുന്ന ഭാഷയാണ് ദേവ-ഭാഷയായ സംസ്കൃതഭാഷ*

*നമ്മുടെ സംസ്ക്കാരത്തിന്റെ ഉറവിടവും അടിസ്ഥാന ശാസ്ത്രവുമായ വേദങ്ങളും ഉപനിഷത്തുകളും അവയുടെ വ്യാഖ്യാന രൂപങ്ങളായ പുരാണേതിഹാസങ്ങളും വേദത്തെ ഉപജീവിച്ചുകൊണ്ട് ആവിർഭാവിച്ച ദർശനശാസ്ത്രങ്ങളും നൽകുന്ന പ്രജ്ഞാ വൈശദ്യംഅപാരവും അചിന്ത്യവുമെന്നേ പറയാനാവൂ ഇവയുടെയെല്ലാം രചന സംസ്കൃതത്തിലാണ് അതുകൊണ്ടു തന്നെ വേദഭാഷ എന്നും പറയാറുണ്ട്*

*ലോകത്തിലെ എല്ലാവരാലും ആദരിക്കപ്പെടുകയും അധ്യയനം ചെയ്യപ്പെടുന്നതുമായ ഭഗവതഗീതസംസ്കൃത*

ഭാഷയിലുള്ളതാണ് ഭാസ-കാളിദാസാദി മഹാകവികളുടെ നാടക-കാവ്യാതികളും വിശ്വപ്രസിദ്ധിയെ നിലനിർത്തുന്നു കവികുലഗുരുവായ മഹാകവി കാളിദാസനാൽ രചിക്കപ്പെട്ട അഭിജ്ഞാനശാകുന്തളം എന്ന നാടകം വിശ്വപ്രസിദ്ധമായ രചന എന്ന ഖ്യാതി നേടി നിലനിൽക്കുന്നു കൗടില്യന്റെ അർഥശാസ്ത്രം ലോകത്തിൽ ആദ്യമുണ്ടായ രാജനീതിയുടെ ഗ്രന്ഥം മാത്രമല്ല സാമ്പത്തിക അറിവുകൾ വിനിമയം ചെയ്ത ആദ്യഗ്രന്ഥം മാത്രമല്ല ഇന്നും നിലവിലുള്ള ഭരണവിഷയങ്ങൾ പ്രതിപാതിക്കുന്ന പുസ്തകമാണ്.

ഭാരത-ഭാമഹ-ആനന്ദ വർദ്ധനാദികളായ ആചാര്യൻമാരാൻ രചിക്കപ്പെട്ടിട്ടുള്ള അലങ്കാര കൃതികളും സാഹിത്യ ശാസ്ത്രത്തിന്റെ ആധികാരി ഗ്രന്ഥങ്ങളായി നിലകൊള്ളുന്നു വേദാംഗങ്ങളായ ജ്യോതിഷം വ്യാകരണം, കല്പം, നിരുക്തം, ഛന്ദസ്സ്,ശിക്ഷ മുതലായ ശാസ്ത്ര ശാഖകളിലും ഷഡ് ദർശനങ്ങളിൽ ഉൾപ്പെടുന്ന സാംഖ്യ-ന്യായ-യോഗ-വൈശേഷിക-മീമാംസ മുതലായവയും എക്കാലവും സ്ഥിരമായിനിൽക്കുന്നു .

അഞ്ച് പതിറ്റാണ്ടിലധികമായി ഭാരതത്തിൽ ശ്രാവണ പൂർണിമാദിനം സംസ്കൃത ദിനമായി ആചരിക്കുന്നു.സംസ്കൃതം ദേശീയ ഐക്യത്തിന് എന്ന വാക്യമാണ് ഈ ദിനത്തിന്റെ മുദ്രയായി

ഇന്ത്യാഗവൺമെന്റ് അംഗീകരിക്കുന്നത്. ഈ അമൃതഭാഷയുടെ പ്രാധാന്യവും പ്രസക്തിയും എല്ലാവരെയും ബോധ്യപ്പെടുത്തുന്നതിനും സംസ്കൃതഭാഷ പഠനത്തിലൂടെ രാജ്യത്തിന്റെ ഐക്യം സാധിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണ് സംസ്കൃത ദിനം ആചരിച്ചുവരുന്നത്.ലോകസംസ്കാരത്തിന്റെ തന്നെ വഴിവിളക്കായ ഭാരതത്തിന്റെ മാതൃഭാഷയാണ് സംസ്കൃതം.

ഇത്തരത്തിൽ സർവ്വഭാഷാ ജനനിയായും സർവ്വ ശാസ്ത്ര ഭണ്ഡാഗാരവുമായിട്ടുള്ള സംസ്കൃത ഭാഷപഠനം വളരെ അനിവാര്യമാണ്.വിദ്യാർത്ഥികളെ സംസ്കൃത ചിത്തരും സംസ്കാരസമ്പന്നരും സദാചാര തത്പരരുമാക്കുന്നതിൽ സംസ്കൃതത്തിന്റെ പങ്ക് വളരെ വലുതാണ്. സംസ്കൃതഭാഷയുടെ മഹത്വം മനസ്സിലാക്കി സംസ്കൃതഭാഷയുടെ വികസനത്തിനും മുന്നേറ്റത്തിനും വേണ്ടി പരിശ്രമിക്കുകയാണ് വേണ്ടത്.

**ജയതു ജയതുസംസ്കൃതം**

**ജയതു ജയതു ഭാരതം**

**വന്ദേ സംസ്കൃതമാതരം........**

സി.ആർ.സുജാത

സംസ്കൃത അധ്യാപിക

# പഠനയാത്ര


SANSKRIT STUDY TOUR
അഗ്നിപുരാണത്തിലും
പറഞ്ഞിരിക്കുന്നു.
ഒരു ആൽമരമോ,
പത്തുമുല്ലകളോ,
അഞ്ചുമാവോ
നട്ടുപിടിപ്പിക്കുന്നവൻ
സ്വർഗ്ഗത്തിൽ
ഇടം തേടുമെന്ന്
വരാഹപുരാണത്തിൽ
പറയുന്നു.
CHULANNUR PEAFOWL SANCTUARY
KERALA FOREST DEPARTMENT
CHULANNUR PEAFOWL SANCTUARY
DEDICATED TO THE MEMORY OF SRI K.K.NEELAKANDAN
WILDLIFE DIVISION : PEECHI
Information Centre : 04922 206054
4.കർക്കിടകം : പ്ലാശ്
5.ചിങ്ങം : ഇലന്ത
6.കന്നി : മാവ്
7.തുലാം : ഇലഞ്ഞി
8.വൃശ്ചികം : കരിങ്ങാലി
9.ധനു : അരയാൽ
Photo Grid

# ഹാ...

# പുഷ്പമേ



*മലർ എന്ന പദം പുതിയതലമുറ എങ്ങിനെ ഉപയോഗപ്പെടുത്തുന്ന എന്നത് ആശങ്കയോടെ നോക്കികാണേണ്ട ഒന്നു തന്നെയാണ്.ഒരു ജനപ്രിയ ചലച്ചിത്രത്തിലെ നായിക വരുത്തിവച്ചവിനയൊന്നു മല്ലിത്.*

*സ്വയം പ്രബദ്ധരെന്ന് വിശേഷിപ്പിക്കുന്ന*

*മലയാളിക്ക് അതുമനസ്സിലാക്കാൻ അധികമൊന്നു ആലോചിക്കേണ്ടി വരില്ല.*

*മലർ എന്ന പദത്തിന്റെ  അർഥം പുഷ്പം എന്നാണ്.സൗന്ദര്യം എന്ന കവി യുവജനങ്ങളെ ചങ്കിടിപ്പിക്കുന്ന പ്രണയനായികയുടെ നാമപദമായി മലർ എന്ന പദം ഉപയോഗിച്ചപ്പോൾ   സായാഹനസവാരിയിലേയും കൂട്ടകൂടലിലലെയും*

സംസാരവിഷയമായി. മാതാ പിതാ ഗുരു ദൈവം എന്ന് കോപ്പി എഴുതി കുഞ്ഞും നാളിലെ ഹൃദസ്ഥമാക്കിയതാനെയാണ് ഈ ചലച്ചിത്രത്തിലൂടെ പൊലിച്ചുമാറ്റപ്പെട്ടത്." നിന്റെ മലർ ദേവരുന്നടാ" എന്ന കമന്റടിയിൽ അനശ്വരപ്രേമത്തിന്റെയും ജിവിത വീക്ഷണത്തിന്റെയും കവിഭാവനയാണ് ചീട്ടുകൊട്ടാരം തകരുന്നതുപോലെ വെറും നിസ്സാരതയിലേക്ക് തരംതാണത്.മലർ എന്ന പദം നേരിടുന്ന മറ്റൊരു പ്രശ്നം മലർ എന്നപദം അതിന്റെ അസ്ഥിത്വം നഷ്ടപ്പെട്ട് കേവലം ആക്ഷേപവാക്കായി പരിണമിക്കുന്നു എന്നതാണ് അറിഞ്ഞോ അറിയാതെയോ കുട്ടികൾ മുതൽ മുതിർന്നവർ വരെ മലർപ്രയോഗം നടത്തി ഗദ്ഗദകണ്ഠരാവുമ്പോൾ അവർ അറിയുന്നില്ല തുഞ്ചനും കുഞ്ചനും ഉള്ളൂരുമൊക്കെ തങ്ങളുടെ കാവ്യസപര്യക്ക് വേണ്ടി ഉപയോഗിച്ചിരുന്ന വാക്കിനെയാണ് ഇന്ന് മലരഭിഷേകം നടത്തുന്നതെന്ന്.

ന്യൂ ജനറേഷൻ മമ്മിമാർ അവുടെ ആഢംബരം ചവച്ചുതുപ്പുവാൻ വേണ്ടി കുട്ടികളെ കൊണ്ട് കുരച്ച് കുരച്ച് മലയാളം പറയിപ്പിക്കുന്നതും മലയാള ഭാഷ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്.മലർ എന്ന സുന്ദര പദത്തെ കേവലം ആക്ഷേപവാക്കായി ഉപയോഗിക്കുന്നവർ അറിയുന്നില്ലല്ലോ ആ വാക്കിന്റെ അർത്ഥം!

ഇനിയും എത്ര മനോഹരപദങ്ങൾ

അക്ഷേപത്തിന്റെ കുപ്പായമണിഞ്ഞ് പുറത്ത് വരുമെന്ന് കണ്ടറിയണം

ആശാൻ പാടിയതു പോലെ

''ഹാ! പുഷ്പമേ, അധിക തുംഗപദത്തിലെത്ര

ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ''

വിഷ്ണു.കെ.എസ്

# ചിന്നുവിനുണ്ടൊരുകുഞ്ഞിതത്ത



ചിന്നുവിനുണ്ടൊരു കുഞ്ഞിതത്ത
ഭംഗിയാർന്ന കുഞ്ഞിതത്ത
പാട്ടുകൾ പാടും കുഞ്ഞിതത്ത
പാഠം ചൊല്ലും കുഞ്ഞിതത്ത
സുന്ദരമാർന്ന കുഞ്ഞിതത്ത
ചിന്നു കരഞ്ഞാൽ ചിന്നുവിനൊപ്പം
കരയും പാവം കുഞ്ഞിതത്ത

# കുഞ്ഞനിയൻ




*എനിക്കുമുണ്ടൊരു കുഞ്ഞനിയൻ*
*പല്ലിക്കും കുഞ്ഞനിയൻ*
*ചിരിളുകും കുഞ്ഞനിയൻ*
*പാട്ടുകൾ പാടും കുഞ്ഞനിയൻ*
*ഉണ്ണിക്കുട്ടൻകുഞ്ഞനിയൻ*
*എൻെറസ്വന്തംകുഞ്ഞനിയൻ*

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ


ഹൈടെക് ക്ലാസ്സ് റൂം
ഉദ്ഘാടനം
22-06-2018


C.A(Lab)
Language







# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ







# Little Kites Leaders

## __ BOYS LEADER: ABISHEK.D





## __GIRLS LEADER: SREE PRIYA

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള


# ***ID കാർഡ് വിതരണം***






# Routine classes










# SUB DISTRICT CAMP









# VATICAN

*Country means a territory with fixed boundary and a government of its own. Every country has its own flag and an administrative system. According to this definition, Vatican is the smallest country of the world.*

*Vatican is a country with the pope, the spiritual leader of the catholic Christians as its head. It is situated in the centre of Rome, the capital of Italy. It has its own flag. This country has its own independent postal system, railway station, telephone and broad casting arrangement. You will be surprised to know that the total area of this country only 0.45 sq km. Even through this country does not have any independent source of income, It manage its affairs well from the contributions made by the catholics all over the world. In this country, pope‘s residence is a fascinating palace with a beautiful garden, a library and a museum. Vatican city maintains with other countries of the world.*

*The story of the formation of Vatican is very interesting. For hundreds of years in the past, Italy has been the centre of activities for the catholic chiristians. For a long time, pope had political control over a larger territory in central Italy In 1859 this part was known as ‘Papal State’ and at that time its area was sixteen thousand square miles. In 1870 Rome was made the national capital of Italy and pope’s territory was merged in to the Italian kingdom without his consent. As a result, relations between the king and the pope became strained. These differences ended in 1929 with a settlement between the Italian government and the pope and, as a result, Vatican was recognised as an independent and sovereign state.*

**Saranya-s 9B**

# HEART TOUCHING THOUGHTS ON TEACHERS

1. *A TEACHER TAKES A HAND…*
   *OPENS A MIND…*
   *AND TOUCHES A HEART…*

2. *A GOOD TEACHER IS LIKE A CANDLE*
   *- "IT CONSUMES ITSELF TO*
   *A LIGHT"*
   *THE WAY FOR OTHER…*

3. *THE MOST BEAUTIFUL THINGS IN*
   *THE WORLD CANNOT BE SEEN*
   *OR EVEN TOUCHED…*

THEY MUST BE FELT WITH THE HEART…

BY
ASWIN. N

X-D

# ENVIRONMENT

*Butter flies fluttering around*
*canoes moving slowly*
*across the subtle waves*
*kids laughing and playing*
*bugs flying*
*ducks fighting*
*families grilling*
*couples holding hand*
*this is relaxation*
*this is nature.*

***Sruthika.R***

***8D***

# STUDENTS UNREST IN SCHOOL

*Disobedience and impudence among students are growing day by day. It is a common syndrome which cannot be neglected. Further a negligence of this phenomenon will be great disaster to our young generation and to our nation.*

*Let us analyse the what and why of this evil tendency. As teacher, we are entitled to improve and enlighten the whole student community. We alone are responsible to tackle these problems in right direction.*

*The basic reason for this negation is the under achievement of us, crucially disregard their skill in extra curricular activities and suppress their personality before other students. To improve results, we compelled them to work hard. But the enforcement takes adverse result, they dislike the work and even our subject and such often become maladjusted and problematic it is both personal as well as a social loss.*

*The academic achievement and the development of learning abilities among pupils depends to a great extent upon intellectual factors such as motivation of personal and social needs. It should be started at very early stage of childhood. Under achievement is a sort of intellectually delinquency resulting from failure to motivate pupils for academic achievements both in family and the school.*
*Guidance according to the interest of each pupil will improve the situation of under achievements and these by their character formation. We may utilize their energy into different cocurricular activities and engage them.*

*Teachers who work with the under achievers should recognize their personal needs and study their surroundings. Teachers should assist them in planning their studies properly and provide suitable classroom atmosphere. It gives them a feelings of acceptance and a sense of security.*

*In brief, effective encouragement and democratic teacher pupil relationship will make better the situation to a great extend.*

***Deepthi.G***

# SANSKRIT KALOLSAVAM




SANSKRIT KALOLSTAVAM
PKD SUB DISTRICT 2018
AGGREGATE FIRST

# स्वप्न सफलायं

दृष्टश्च स्वप्नेऽतिविशिष्टलाभः
विश्वासयोग्यः कथनं न शक्यम् ।
तथापि चित्तस्य सुतोषदायकः
उन्मेषदः स्फूर्तिविधायकश्च ।
रात्रौ तु सुप्तिं प्रगदे तदा हि
मे मानसं कल्मषपूरितञ्च ।
तथापि दृष्टः कथितश्च पूर्व
विना हि विनञ्च विशिष्टस्वप्नः।।
स्वप्नेऽहमेको धनिकश्च प्रौढः
सर्वे च दासाः परितश्च वै माम् ।
अमूल्यसम्पूर्णविचित्रवेषै
रलङ्कृतोऽहं नृपतुल्यभावैः ।।
प्रासादकल्पं मम वासगेहं
दृष्ट्वा जनाः विस्मयपूर्णचित्ताः।
तथा च मज्जीवनसौभगेन
दिवौकसो भूमिमवाप्तुमैच्छन् ।
विशिष्टभोज्यं विरसं विना च
वित्तेशकारुण्यविभावितेन ।
आमोदपूर्ण पदमैन्द्रतुल्य
माप्तं मया तत्र विशेषमूलम् ।।
सुप्तोत्थितेनात्र मया च दृष्टं
वृत्तान्तपत्रञ्च विशेषयुक्तम् ।
लब्धा च मे लोट्टरिरूपसंख्या
प्रतोषलाभाय ततोऽधिकं किम् ।।
प्रभातस्वप्नः सफलो भवेद्वा ?
प्रभुत्वपूर्णं मम जीवनं किम् ?
यद्यस्ति मे जीवनतोषदं वै तदा च तृप्तोऽहमतुल्यभूषः ।।

# समस्या पूरणम्

जनानां दुष्कृतान् वीक्ष्य
सत्यधर्मपरायणाः ।
भूमि हा! नाशनात रक्ष
विलपन्त्यत्र सज्जनाः ।।

स्त्रीत्वस्य विनाशनम् च
सत्यधर्मादि नाशनम् ।
दृष्ट्वैतत् दुःखमापन्नाः
विलपन्त्यत्र सज्जनाः ।।

नाशयन्ति धरामेनां
लोभिनः मानुषाः स्वयम् ।
विनाशं समयं दृष्ट्वा
विलपन्यत्र सज्जनाः ।।

विना दैन्यं विना खेदं
विना निष्ठुरभाषणम् ।
नयतु जीवने नित्यं
विलपन्त्यत्र सज्जनाः ।।।

धनं दत्वा यया नित्यं
वञ्चिताः प्रमुखाः भुवि ।
तस्याः मे रक्ष रक्षेति
चिलपन्यत्र सज्जनाः ।।

देहि में जीवन शुरधः
देहि में गृहमित्यपि ।
देहि में वस्त्रम च
विलपन्त्यत्र सण्जनाा ।।

व्याप्तास्तु मशकाा रात्रो
मक्कुणाश्च गृहान्तरे ।
निद्राभड्ग विशङ्ग्येते
विलपन्तयत्र सज्जनाः ।।

कनके कामिनी चैव
द्ययं करहकारणम् ।
रक्ष रक्ष द्वयात्तस्माद्
विलपन्त्यत्र सज्जनाए ।।

# കായിക മികവുകളിലൂടെ ...





# वृद्धाश्रम

हलो हलो, डाकटर साहब
हाँ, बोलो, क्या है साहब
एक विज्ञापन पढा हम ने
आपका पिय कुत्ता गायब ।
चिन्ता न करो कुत्ता अब
माँ की तलाश में आया यहाँ
आपकी माँ के संग खुश से
वृद्धाश्रम में ठहरे अब,
तन मन शांति से हैं सब
निजी हालत हर माता की
सारे पुत्र खोजते अर्थ
उनके बूढे माँ - बाप अनर्थ
पुनश्च
आज का अखबार दिलाती याद
'मोदी' माँ से मिलने के बाद
कहा - माँ का प्यार व आशिष
जीवन का है अनमोल अमृत । ***KARTHIKA***

# കാരുണ്യ പ്രവർത്തനങ്ങളിലൂടെ



## മാതൃസദന സന്ദർശനം





# കാരുണ്യ സ്പർശവുമായി ദുരിധ ബാധിത മേഖലകളിൽ









# വാർഷികാഘോഷ വേളയിൽനിന്ന് ...











# നന്ദി






*LittleKITEs unit No. LK/2019/21060 Moothanthara, palakkad-12 PH :04912541500.*
*E-mail :khsmoothanthara@gmail.com*

**Kerala books and Publications Society**